പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 791 5.6.2018 -ൽ മറുപടിയ്ക്ക്

## മലബാർ റിവർ ഫെസ്റ്റ്

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന മലബാർ റിവർ ഫെസ്റ്റിവൽ 2018-ന്റെ ഈ വർഷത്തെ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന മലബാർ റിവർ കയാക്ക് വേൾഡ് ചാമ്പ്യൻഷിപ്പ് 2018, 19.7.2018 മുതൽ 22.7.2018 വരെ കോഴിക്കോട് മീൻതുള്ളിപ്പാറ, ഇരുവഞ്ചിപ്പുഴ എന്നിവിടങ്ങളിൽ നടക്കും. കോഴിക്കോട് ഡി.റ്റി.പി.സി.യും മദ്രാസ് ഫൺ വേൾഡ് എന്ന സംഘടനയും ചേർന്ന് ഇന്റർനാഷണൽ കനോക്ക് ഫെഡറേഷന്റെ സഹകരണത്തോടെ ടൂറിസം വകുപ്പിന്റെ സ്പോൺസർ ഷിപ്പോടുകൂടിയാണ് പരിപാടി നടത്തുന്നത്. |
| ബി) | റിവർ ഫെസ്റ്റ് നടത്തുന്നതിന് ടൂറിസം വകുപ്പ് എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) യും സി) യും | മലബാർ റിവർ ഫെസ്റ്റിന് വിനോദസഞ്ചാര വകുപ്പ് ആകെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഫെസ്റ്റ് വിനോദസഞ്ചാര വകുപ്പ് നേരിട്ട് നടത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |
| സി) | മലബാർ റിവർ ഫെസ്റ്റിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ഈ ഫെസ്റ്റ് ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ